LIBRARY ARCHIVES Kerala Legislative Assembly

യുവ സഹകരണ സംഘം പദ്ധതി

334 (719) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സഹകരണസംഘം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

ഉണ്ട്. സംഘാംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ പുരോഗതിയും യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനവും ലക്ഷ്യമിട്ടാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അംഗങ്ങളുടെയിടയിൽ സ്വയംപര്യാപ്തതയും സഹകരണ മനോഭാവവും പ്രോത്സാഹിപ്പിക്കുക, സഹകരണ ആദർശങ്ങൾ പ്രചരിപ്പിക്കുകയും അത് പരമാവധി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. 1969-ലെ കേരള സഹകരണ നിയമം, ചട്ടം, സംഘത്തിന്റെ ബൈലാ വ്യവസ്ഥകൾ എന്നീ മാനദണ്ഡങ്ങൾ പ്രകാരമാണ് സംഘം പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പ്രസ്തുത പദ്ധതി പ്രകാരം രൂപീകരിച്ച 29 യുവജന സഹകരണ സംഘങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

യുവ സഹകരണസംഘങ്ങൾ

335 (720) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര യുവ സഹകരണസംഘങ്ങളാണ് തുടങ്ങിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് നിലവിൽ 29 യുവ സഹകരണ സംഘങ്ങളാണ് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ സേവനങ്ങൾ വീട്ടുപടിക്കൽ ലഭ്യമാക്കുക, ഈവന്റ് മാനേജ്മെന്റ്, തേങ്ങയിൽനിന്നും എണ്ണ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുക, കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, പരിസ്ഥിതിക്ക് ദോഷകരമായ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനരുപയോഗിക്കുന്നതിനാവശ്യമായ വസ്തുക്കൾ ഉണ്ടാക്കി വിപണനം നടത്തുക, അഗ്രിഗേറ്റഡ് പ്ലാറ്റ്ഫോം വഴി വിവിധ മേഖലകളിലെ തൊഴിലാളികളെ കൂട്ടി യോജിപ്പിച്ച് ടൂൾ കിറ്റ് എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ വഴി തൊഴിലാളികളെ സപ്ലൈ ചെയ്യുക, വിവിധ ആവശ്യങ്ങൾക്കുള്ള സോഫ്റ്റ്വെയർ ഡെവലപ്പ് ചെയ്ത് അതുവഴി ഐ.റ്റി. മേഖലയിലെ യോഗ്യരായ യുവജനങ്ങൾക്ക് തൊഴിൽ നൽകുക, കമ്പ്യൂട്ടർ, ഐ.റ്റി. അനുബന്ധ സാമഗ്രികളുടെ വിപണനവും സർവ്വീസും, പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ്, കാറ്ററിംഗ് സർവ്വീസ്, തൊഴിൽ നൈപുണ്യമുള്ള യുവാക്കളുടെ തൊഴിൽ സേന രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഇലക്ട്രോണിക് മാലിന്യങ്ങൾ, ജൈവ/അജൈവ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണവും സംസ്കരണവും, ഗാർഡനിംഗ്, ടൂറിസം പദ്ധതികൾ നടപ്പിലാക്കുക, ടൂറിസം വ്യവസായത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക- അതിലൂടെ തൊഴിൽ ലഭ്യമാക്കുക, ഫുഡ് പ്രൊസസ്സിംഗ് യൂണിറ്റ്, ടൂറിസം മേഖലയിലെ പദ്ധതികൾ, സുഗന്ധ വ്യഞ്ജനങ്ങളുടെ ഓൺലൈൻ വ്യാപാരം, ടൂറിസം പ്രൊമോഷൻ, ഹോംസ്റ്റേ, ടക്സ്, സുഗന്ധ വ്യഞ്ജനങ്ങളുടെ വ്യാപാരം, നിത്യോപയോഗ സാധനങ്ങളുടെ ഉൽപ്പാദനം, മറ്റ് അവശ്യ സാധനങ്ങളുടെ സംഭരണവും വിതരണവും, നിത്യോപയോഗ സാധനങ്ങൾ സംഘത്തിന്റെ കോൾ സെന്റർ വഴി വീടുകളിൽ എത്തിച്ചുകൊടുക്കുക, ബേക്കറി സാധനങ്ങളുടെ ഉൽപ്പാദനവും വിതരണവും, നെല്ല്, ഇഞ്ചി, മഞ്ഞൾ കൃഷി, മത്സ്യ കൃഷി, വാഴ, പച്ചക്കറി കൃഷി തുടങ്ങിയവയുടെ ഉൽപ്പാദനവും വിതരണവും, ലേബർ ബാങ്ക് രൂപീകരിക്കുക, ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഹോളോബ്രിക്സ് യൂണിറ്റുകൾ ആരംഭിക്കുക, വിവിധതരം പച്ചക്കറികളുടെ ഉൽപ്പാദനവും സംഭരണവും വിതരണവും, മെഡിസിൻ ഡിസ്ട്രിബ്യൂഷൻ, ഡിസ്ട്രിബ്യൂഷൻ ഓഫ് ലേബർ എക്യുപ്മെന്റ്സ്, സെക്യൂരിറ്റി ജോബ് തുടങ്ങിയവ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് സിസ്റ്റം, ഡിസൈൻ, എഞ്ചിനീയറിംഗ്, സപ്ലൈ ഇൻസ്റ്റലേഷൻ ആൻഡ് മെയിന്റനൻസ്, കാർഷിക വിഭവ ശേഖരങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണന ശ്രേണിയൊരുക്കുക, ഗ്രണമേന്മയുള്ള വസ്തുങ്ങൾ വിപണിയിലെത്തിക്കുക, ഈവന്റ് മാനേജുമെന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുക, ഐ.റ്റി. സർവ്വീസസ്, റസ്റ്റോറന്റ്, കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, കാർഷികോപകരണങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വാങ്ങി മിതമായ നിരക്കിൽ വ്യാപാരം നടത്തുക തുടങ്ങിയ പ്രവൃത്തികളാണ് പ്രസ്തുത സംഘങ്ങൾ ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നത്.